# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4952

22.05.2017-ൽ മറുപടിക്ക്

## രജിസ്ട്രേഷൻ ഓഫീസുകളുടെ ഡിജിറ്റൈസേഷൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. സ്വരാജ്** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ രജിസ്ട്രേഷൻ ഓഫീസുകളുടെ ഡിജിറ്റലൈസേഷൻ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ കഴിഞ്ഞ 30 വർഷത്തെ രജിസ്ട്രേഷൻ വിവരങ്ങളും മറ്റ് ജില്ലകളിൽ 20 വർഷത്തെ രജിസ്ട്രേഷൻ വിവരങ്ങളും കമ്പ്യൂട്ടർ വത്കരിച്ചിട്ടുണ്ട്. |
| ബി) ഈ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; | ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡിജിറ്റൽ ഇന്ത്യ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം എന്ന പരിപാടിയുടെ ഭാഗമായാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിനാവശ്യമായ പദ്ധതിവിഹിതം യഥാസമയം ലഭിക്കുകയാണെങ്കിൽ നിശ്ചിത സമയത്തിനുള്ളിൽ തന്നെ പദ്ധതി പൂർത്തീകരിക്കാവുന്നതാണ്. |
| സി) രജിസ്ട്രേഷൻ വകുപ്പുകളിലെ എല്ലാ സാമ്പത്തിക ഇടപാടുകളും ഓൺ ലൈൻ വഴി ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) യും ഡി) യും നിലവിൽ രജിസ്ട്രേഷൻ ഫീസ്, ബാദ്ധ്യതാ സർട്ടിഫിക്കറ്റ്, വിവാഹ രജിസ്ട്രേഷൻ അപേക്ഷാ ഫീസ് എന്നിവ ഓൺലൈൻ വഴി ഒടുക്കാനുള്ള സംവിധാനം |

| | |
|---|---|
| (ഡി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | ഏർപ്പെടുത്തിയിട്ടുണ്ട്. സേവനപ്രദാനം നവീകരിക്കുന്നതിന്റെ ഭാഗമായി ആധാര രജിസ്ട്രേഷൻ നടത്തുന്നതിനുള്ള മുദ്രപത്രം ഇലക്ട്രോണിക് രൂപത്തിൽ എടുക്കുന്നതിനുള്ള ഇ-സ്റ്റാമ്പിംഗ് സൗകര്യം സംസ്ഥാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**